പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

18/02/2013 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3293

## സാഹിത്യ അക്കാഡമിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>„ വി. ശിവൻകുട്ടി<br>„ പുരുഷൻ കടലുണ്ടി<br>„ കെ. സുരേഷ് കുറുപ്പ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി യിട്ടുണ്ടോ; സാഹിത്യ അക്കാദ മിയിൽ സർക്കാർ നിയോഗിച്ച നോമിനികളിൽ എത്രപേരെ പുറത്താക്കുകയുണ്ടായി; | (എ) ഉണ്ട്. അക്കാഡമി പുന :സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനിടയായ സാഹചര്യം എന്തായിരുന്നു; | (ബി) വിശ്വമലയാള മഹോത്സവത്തിന്റെ സംഘാടനത്തിനെതിരെ പരസ്യമായി നിലപാടുകൾ കൈക്കൊണ്ട് സാംസ്കാരിക വകുപ്പിനേയും കേരള സാഹിത്യ അക്കാദമിയേയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ അക്കാദമിയിലെ സർക്കാർ നോമിനികളായ ചില അംഗങ്ങൾ പ്രവർത്തിച്ചതായി സർക്കാർ നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്കാഡമി പുന :സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) വകുപ്പിനെ തന്നെ തകർക്കുന്ന നിലയിലുള്ള നടപടികളെ സംബന്ധിച്ച് ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വിശ്വമലയാള സമ്മേളനം പരാ ജയപ്പെടാനിടയായ സാഹചര്യം ചൂണ്ടിക്കാട്ടിയതിന്റെ പേരിൽ അക്കാദമിയിൽനിന്നും ആരെ യൊക്കെ പുറത്താക്കിയിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) വിശ്വമലയാള സമ്മേളനം പരാജയപ്പെട്ടിട്ടില്ല. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും, നാം നമ്മുടെ ഭാഷ, ബാല സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവമാധ്യമ സംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാ ദ്ധ്യായനം, മലയാളത്തിന്റെ കഥാ കാലങ്ങൾ, ആദാനപ്രദാനം. മലയാളത്തിൽ, ജീവനസംസ്കൃതി, വിജ്ഞാന സംസ്കൃതി, നമ്മുടെ പാരമ്പര്യ സംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും മലയാളത്തിന്റെ നാടക കാലങ്ങൾ, നോവൽ കാലങ്ങൾ, വിമർശന കാലങ്ങൾ തുടങ്ങിയ സെമിനാറുകളും, കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും യുവ എഴുത്തുകാർക്കുള്ള മത്സരങ്ങളും വിശ്വമലയാളത്തിന്റെ ഭാഗമായി നടന്നു. ഈ സമ്മേളനത്തിനെതിരെ പരസ്യമായി നിലപാടുകൾ കൈക്കൊണ്ട് സാംസ്കാരിക വകുപ്പിനേയും കേരള സാഹിത്യ അക്കാദമിയേയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ചില അംഗങ്ങൾ പ്രവർത്തിച്ചതിനാലാണ് ഭരണസമിതി പുന :സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ